ക്യു.ഐ.പി(1)/457462/2022/ഡി.ജി.ഇ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം, തീയതി : 13.05.2021

## സർക്കുലർ

വിഷയം: പൊതുവിദ്യാഭ്യാസം - സ്കൂൾ മാന്വൽ കരട് - അഭിപ്രായ സ്വരൂപീകരണം - സംബന്ധിച്ച്

സൂചന: 11.05.2022 ബഹു. പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിൽ നടന്ന മീറ്റിംഗ്.

****

പാഠ്യപദ്ധതിയുടെ സമയബന്ധിത നിർവ്വഹണത്തിനായി അക്കാദമിക മാസ്റ്റർപ്ലാനും സ്കൂൾ പ്രവർത്തനങ്ങളുടെ ഏകോപനത്തിനും ഭരണ നിർവ്വഹണത്തിനുമായി സ്കൂൾ മാന്വലും ഈ അധ്യയന വർഷം പുറത്തിറക്കുകയാണ്. കേരളം വിദ്യാഭ്യാസ ചട്ടങ്ങളുടെയും സേവനവേതന നിയമങ്ങളുടെയും അതതു കാലത്തെ സർക്കാർ ഉത്തരവുകളുടെയും വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള പരിപത്രങ്ങളുടെയും അടിസ്ഥാനത്തിലാണ് സ്കൂൾ മാന്വൽ രൂപപ്പെടുത്തിയിട്ടുള്ളത്. വിദ്യാലയങ്ങളിൽ നടപ്പിലാക്കുന്നതും നടപ്പിലാക്കേണ്ടതുമായ സ്കൂൾ മാന്വലിന്റെയും അക്കാദമിക് മാസ്റ്റർപ്ലാനിന്റെയും കരടിലെ നിർദേശങ്ങൾ സംബന്ധിച്ച പ്രാഥമികതല ചർച്ച 2022 മെയ് 11 ന് ബഹു. പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിൽ സംഘടിപ്പിച്ചിരുന്നു. വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള ഇതര ഏജൻസികളുടെ ഡയറക്ടർമാർ, അദ്ധ്യാപക സംഘടനാ പ്രതിനിധികൾ, വിദ്യാഭ്യാസ വകുപ്പിലെ മറ്റ് ഉദ്യോഗസ്ഥർ, അദ്ധ്യാപക-രക്ഷാകർതൃ പ്രതിനിധികൾ, തദ്ദേശസ്വയംഭരണ സ്ഥാപന പ്രതിനിധികൾ എന്നിവർ ചർച്ചയിൽ പങ്കെടുക്കുകയും അഭിപ്രായ സ്വരൂപണം നടത്തുകയും ചെയ്തിരുന്നു. ആയതിന്റെ തുടർച്ചയായി സ്കൂൾ മാന്വലിന്റെ കരട് സ്കൂൾ തലത്തിൽ ചർച്ചചെയ്യുന്നതിനും അഭിപ്രായങ്ങൾ സമർപ്പിക്കുന്നതിനും താഴെപ്പറയുന്ന മാർഗ്ഗനിർദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. സ്കൂൾ പി ടി എ, എസ് എം സി, പൂർവ വിദ്യാർത്ഥി സംഘടന, സ്റ്റാഫ് കൗൺസിൽ എന്നിവ സംയുക്തമായി ചർച്ച ചെയ്യേണ്ടതാണ്.
2. തദ്ദേശ സ്ഥാപന പ്രതിനിധികളെ കൂടി പങ്കെടുപ്പിക്കേണ്ടതാണ്.
3. അക്കാദമിക രംഗത്തെ വിദഗ്ധരെ കൂടി പങ്കെടുപ്പിക്കാവുന്നതാണ്
4. ജില്ലയിൽ ഡെപ്യൂട്ടി ഡയറക്ടർമാരുടെ നേതൃത്വത്തിൽ വിദ്യാഭ്യാസ സമിതി ചേർന്ന് ചർച്ച ചെയ്യാവുന്നതാണ്.
5. എല്ലാ ഡയറ്റുകളും ഫാകൽറ്റി മീറ്റിംഗ് ചേർന്ന് ചർച്ച ചെയ്യുകയും നിർദേശങ്ങൾ സമർപ്പിക്കേണ്ടതുമാണ്.

6. എല്ലാ ITE കളിലും ചർച്ച ചെയ്യുകയും നിർദേശങ്ങൾ സമർപ്പിക്കേണ്ടതുമാണ്. അധ്യാപക വിദ്യാർത്ഥികളെക്കൂടി ചർച്ചയിൽ പങ്കെടുപ്പിക്കാവുന്നതാണ്.

7. ഓരോ തലങ്ങളിലും ചേർന്ന ചർച്ചകളുടെ ഭാഗമായി ഉരുത്തിരിയുന്ന നിർദേശങ്ങൾ പ്രഥമാദ്ധ്യാപകൻ/പ്രിൻസിപ്പൽ ക്രോഡീകരിച്ച് ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്ക് സമർപ്പിക്കേണ്ടതും, ജില്ലാ തലത്തിൽ ക്രോഡീകരിച്ച റിപ്പോർട്ട് വിദ്യാഭ്യാസ ഉപഡയറക്ടർമാർ supdtqip.dge@kerala.gov.in എന്ന ഇ-മെയിൽ വിലാസത്തിലേക്ക് **മെയ് 20 വൈകീട്ട് 4 ന്** മുൻപായി അയക്കേണ്ടതുമാണ്. സ്കൂൾതലത്തിൽ നിന്നുള്ള അഭിപ്രായങ്ങളും നിർദേശങ്ങളും യാതൊരു കാരണവശാലും നേരിട്ട് ഈ കാര്യാലയത്തിലേക്ക് അയക്കാതിരിക്കാൻ വിദ്യാഭ്യാസ ഉപഡയറക്ടർമാർ പ്രഥമാദ്ധ്യാപകർക്ക് കർശന നിർദേശം നൽകേണ്ടതാണ്.

**പൊതുവിദ്യാഭ്യാസ ഡയറക്ടർ**

സ്വീകർത്താവ്

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
എല്ലാ ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
എല്ലാ പ്രഥമാധ്യാപകർക്കും (ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർ മുഖേന)